16/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 375(2)/2022**/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13976**/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി സുമതി കെ.,**
**ജിജി ഭവൻ, രണ്ടാം ചിറ,**
**പൗഡികോണം പി.ഒ.,**
**തിരുവനന്തപുരം – 695 588.** } **പരാതി ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& സീനിയർ സൂപ്രണ്ട്, ഒ&എം സെക്ഷൻ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വഞ്ചിയൂർ പി.ഒ., തിരുവനന്തുപുരം – 695 035.**
2. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ലേ സെക്രട്ടറി & ട്രഷറർ, ജനറൽ ആശുപത്രി, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.07.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.07.2022 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.08.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.09. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി സുമതി കെ., 05.08.2022ന് സമർപ്പിച്ച പരാതി ഹർജി 12.09.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.375(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 08.07.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) GO (Rt)2358/2018H&FWD dated തിരുവനന്തപുരം 25.07.2018 പ്രകാരം ഒരു ജില്ലാ ആശുപത്രിയിൽ turn duty എടുക്കാൻ 50 വയസ്സിനു താഴെയുള്ള ഡോക്ടർമാരുടെ എണ്ണം എത്രയായി കുറയുമ്പോഴാണ് 50 വയസ്സും 25 വർഷം സർവ്വീസുള്ള ഡോക്ടർമാരെ നിയോഗിക്കേണ്ടതെന്നും

2) 50 വയസ്സ് കഴിഞ്ഞ ഡോക്ടർമാർക്ക് turn ഡ്യൂട്ടി എടുക്കേണ്ട സാഹചര്യം വന്നാൽ അവരിൽ ഡയബറ്റീസ്, ഹൈപ്പർ ടെൻഷൻ, ഹാർട്ട് ഡിസീസ് തുടങ്ങിയ രോഗങ്ങൾ ഉള്ളവർക്ക് exemption അർഹത ഉണ്ടോയെന്നും

3) പ്രത്യേക സാഹചര്യത്തിൽ 50 വയസ്സ് കഴിഞ്ഞ ഡോക്ടർമാർക്ക് turn duty എടുക്കേണ്ടി വന്നാൽ night duty എടുക്കേണ്ട ആവശ്യമുണ്ടോയെന്നും

4) പെൻഷൻ പ്രായം ഉയർത്തിയത് അനുസരിച്ച് turn duty exemption പ്രായം 50ൽ നിന്നും 55 ആക്കി ഉയർത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ GO ലഭ്യമാക്കണമെന്നും

5) Gynaecology, Anesthesia വിഭാഗങ്ങളിൽ ജോലിചെയ്യുന്ന 50 വയസ്സിനു താഴെയുള്ള ഡോക്ടർമാർ call ഡ്യൂട്ടി എടുക്കുന്നുവെന്ന കാരണം കൊണ്ട് മാത്രം turn duty exemption അർഹതയുണ്ടൊയെന്നും

6) നിലവിലുള്ള turn duty GO മറികടന്നു ഡോക്ടർമാരുടെ സംഘടനയായ KGMOA ക്ക് guidelinesൽ മാറ്റം വരുത്താൻ അധികാരമുണ്ടോ എന്നുമാണ്.

4. ആയതിന് 15.07.2022ന് ഒന്നാം എതിർകക്ഷി രണ്ടാം എതിർകക്ഷിയ്ക്ക് നൽകിയ കത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ 08.07.2022 തീയതി രേഖപ്പെടുത്തിയ അപേക്ഷയിലെ വിവരങ്ങൾ ടി ഓഫീസിന്റെ പരിധിയിൽ വരുന്നതാകയാൽ ഹർജിക്കാരിക്ക് നേരിട്ട് മറുപടി നൽകുന്നതിലേയ്ക്ക് പ്രസ്തുത അപേക്ഷ ഇതോടൊപ്പം അയച്ചു നൽകുന്നുവെന്നാണ്.

5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷ 12.07.2022നു ടി ഓഫീസിൽ ലഭിക്കുകയും ആയതിന്മേൽ അപേക്ഷയ്ക്കു മറുപടി നൽകുന്നതിനായി പ്രസ്തുത അപേക്ഷ 15.07.2022നു തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് നൽകുകയും പ്രസ്തുത വിവരം അപേക്ഷകയെ അറിയിക്കുകയും ചെയ്തുവെന്നാണ്. അപേക്ഷയുടെ പകർപ്പ്, അപേക്ഷ തൻപതിവേടിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പ് എന്നിവ തിരുവനന്തപുരം ജനറൽ ആശുപത്രിക്കും അപേക്ഷകക്കും നൽകിയ കത്തിന്റെ പകർപ്പ്, ടി കത്ത് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒപ്പിട്ട് സ്വീകരിച്ചതിന്റ പകർപ്പ്, അപേക്ഷകക്കായുള്ള പകർപ്പ്, ടി ഓഫീസിൽ നിന്ന് അയച്ചതിന്റെ രേഖയും സ്പീഡ് പോസ്റ്റ് നമ്പറും, അപേക്ഷകക്കു തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്ന് നൽകിയ മറുപടിയുടെ പകർപ്പ്, ടി മറുപടി ഡെസ്പാച്ച് ചെയ്തതിന്റെ രേഖയും തീയതിയും എന്നിവ കമ്മീഷന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നുവെന്നാണ്.

6. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ അപേക്ഷ 19.07.2022ന് ടി ഓഫീസിൽ ലഭിക്കുകയുണ്ടായെന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടി സ്ഥാപനത്തിലെ ആർ.എം.ഒ.യിൽ നിന്ന് ലഭ്യമാക്കി 10.08.2022ന് ഹർജിക്കാരിക്ക് നൽകിയിരുന്നുവെന്നും നൽകിയ മറുപടി തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനുള്ളിൽ അപ്പീൽ നൽകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഇതു സംബന്ധിച്ച അപ്പീലുകളൊന്നും തന്നെ ടി ഓഫീസിൽ ലഭ്യമായിട്ടില്ലെന്നാണ്. കൂടാതെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ജി.ഒ.യുടെ പകർപ്പ്, ടിയാളുടെ അപേക്ഷ, ടി സ്ഥാപത്തിൽ നിന്നും ടിയാൾക്ക് നൽകിയ മറുപടി, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കമ്മീഷൻ മുമ്പാകെ ഹാജരാകുന്നതിന് ലഭ്യമായ അറിയിപ്പ് എന്നിവ ഇതോടൊപ്പം ഹാജരാക്കുന്നുവെന്നുമാണ്.

7. 25.02.2023ന് കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരിയും എതിർകക്ഷിയും ഹാജരായില്ല. തുടർന്ന് 06.03.2023ന് ഒന്നാം എതിർകക്ഷിക്ക് ഷോകാസ് നോട്ടീസ് നൽകുകയും എതിർകക്ഷി ഹാജരാകുകയും ചെയ്തു.

8. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരിയ്ക്ക് എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നു. 12.07.2022നാണ് 08.07.2022ലെ അപേക്ഷ ഒന്നാം എതിർകക്ഷിയ്ക്ക് ലഭിച്ചത്. 15.07.2022ൽ 6(3) പ്രകാരം ലഭിച്ച അപേക്ഷയ്ക്ക് 10.08.2022ൽ രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ആയതിനാൽ

ഈ പരാതി ഹർജിയിൽ മേൻ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 മാർച്ച് 09–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)
Gc/